**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 647**

**02.12.2014 - ൽ മറുപടിക്ക്**

## മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം
ശ്രീ. ആർ. രാജേഷ്

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) : ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിവരം ചുവടെ ചേർക്കുന്നു :<br>1. 3699/- ലക്ഷം രൂപ മുതൽമുടക്കോടെ 991 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>2.സംരംഭകത്വ സഹായ പദ്ധതി പ്രകാരം 14 യൂണിറ്റുകൾക്ക് 22,64,483/- രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തി നാലായിരത്തി നാന്നൂറ്റി എൺപത്തി മൂന്ന് രൂപ) അനുവദിച്ചു.<br>3. സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി പ്രകാരം 3 വ്യവസായ സംരംഭങ്ങൾക്ക് 3,91,285/-രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി ഇരുന്നൂറ്റി എൺപത്തിയഞ്ച് രൂപ) അനുവദിച്ചു.<br>4. മാർജിൻ മണി ലോൺ വായ്പ പദ്ധതി പ്രകാരം നൂറനാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ യൂണിറ്റിന് 1,48,500/- (ഒരു ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി അഞ്ഞൂറ് രൂപ) അനുവദിച്ചു.<br>5. ഐ.ഐ.പി. ശീർഷകത്തിൽ പൊട്ടൻഷ്യൽ സർവ്വേ, സെമിനാർ, ഇ.ഡി.പി. എന്നിവയ്ക്കായി 2,82,000/- |

| | | | |
|---|---|---|---|
| | | | രൂപ (രണ്ട് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ) ചെലവഴിച്ചു.<br>6. മാവേലിക്കര എസ്.സി. ഹാൻഡ്‌ലൂം & പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക് 14,26,000/- (പതിനാല് ലക്ഷത്തി ഇരുപത്തിയാറായിരം രൂപ) രൂപ അനുവദിച്ചു.<br>7. 16 സംഘങ്ങളുടെ ക്ലിയറൻസ് അപേക്ഷകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് തീർപ്പ കൽപ്പിച്ചു.<br>8. പി.എം.ഇ.ജി.പി. പദ്ധതിയിൽ പ്പെടുത്തി വ്യവസായം ആരംഭിക്കു ന്നതിന് 59 യൂണിറ്റുകൾക്ക് 89.82/- ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്.<br>9. വനിതാ വ്യവസായ പദ്ധതി പ്രകാരം 5 സംരംഭകർക്ക് 11.90/- ലക്ഷം രൂപ സബ്സിഡി അനുവദിച്ചു.<br>10. സ്വയം തൊഴിൽ പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് 2.58/- ലക്ഷം രൂപ സബ്സിഡി അനുവദിച്ചു.<br>11. 125 സംരംഭകരുടെ ബാങ്ക് വായ്പക്കുള്ള അപേക്ഷകൾ വിവിധ ബാങ്കുകളിലേക്ക് ശുപാർശ ചെയ്തു.<br>12. സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | മാവേലിക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പുതുതായി വ്യവസായം ആരംഭിക്കുന്നതിന് അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) : | മാവേലിക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രി യൽ എസ്റ്റേറ്റിൽ പുതുതായി വ്യവസായം ആരംഭിക്കുന്നതിന് അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ | (സി) : | ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചവരെ 16/01/14-ന് ഇന്റർവ്യൂ നടത്തി തയ്യാറാക്കി അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒഴിവു വന്ന സ്ഥലം |

| | |
|---|---|
| | മുൻഗണനാ ക്രമത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) വ്യവസായം ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കപ്പെട്ട വ്യവസായ സംരംഭകരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) : കായംകുളം പെരിങ്ങല തെയ്യിൽ വീട്ടിൽ ശ്രീമതി ജയന്തി നാഗിന് ഡവലപ്പ്മെന്റ് ഏരിയ കൊല്ലകടവിൽ 25. സെന്റ് സ്ഥലം വ്യവസായം ആരംഭിക്കുന്നതിന് അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| | അപേക്ഷകന്റെ പേര് | യൂണിറ്റിന്റെ പേര് |
|---|---|---|
| 1 | Jalaludeen Hameed | M/s. Regent Aluminium and Fabrication Product |
| 2 | Jayanthi Nag | M/s. Sara Chem |
| 3 | P.R. Rajesh | M/s. P.V.R.polymers |
| 4 | Sainaba S.Z | M/s. Dildar Match Industries |
| 5 | Rinosh Zacharia | M/s. Asian Gas Industries |
| 6 | Jibu John | M/s. Agro Bio Energy Industries |
| 7 | Jaymon P | M/s. Deva Deva Designers |
| 8 | V.K. Santhoshkumar | M/s. Lekshmi Engineering |
| 9 | Sujithkumar.S | M/s. Corola Tiles & Bricks |
| 10 | P. Ravikumar | M/s. Modern Electro Plating |
| 11 | V. Shaji | M/s. New Hilton Steel Industries |